"Let us pick up our books and our pens, they are the most powerful weapons. One child, one tacher, one book and one pen can change the word. Education is the only solution."

ഈ വാക്കുകൾ ഇന്നും ലോകത്തിലെ ബഹുപൂരിപക്ഷം കുട്ടികളുടെ പ്രചോദനം ആണ്. സ്ത്രീ വിദ്യാഭ്യാസത്തിനും, സ്ത്രീകളുടെ ഉന്നമനത്തിനുമായി നമുക്കും മലാലയെ പോലെ ഒന്നിച്ച് ശബ്ദം ഉയർത്താം.




# സൗഹൃദം

Geethu K.J.
(IIIrd B.Com)

കലാശാലകൾ നമുക്കു പകർന്നു തരുന്ന ഏറ്റവും വലിയ സമ്മാനം. ഒരു പക്ഷേ മുന്നോട്ടുള്ള ജീവിതത്തിൽ മുതൽക്കൂട്ടായേക്കാവുന്ന സൗഹൃദങ്ങൾ. സൗഹൃദത്തിന്റെയും സുഹൃത്തുക്കളുടെയും വില നാം മനസ്സിലാക്കുന്നത് നമ്മുടെ വിഷമഘട്ടത്തിലാണ് എന്നു പറയാറുണ്ട്. നമുക്കു സന്തോഷവും ആസ്തിയും ഉള്ളപ്പോൾ ചുറ്റും ഒരുപാടു പേരുണ്ടാവും. പക്ഷെ ഇതൊക്കെ നഷ്ടപ്പെടുമ്പോൾ... പ്രശ്നങ്ങളുടെ ചുഴിയിൽ മുങ്ങിത്താഴുമ്പോൾ നമ്മോടൊപ്പം നീട്ടിയ കയ്യുമായി നിൽക്കുന്നവരാണ് യഥാർത്ഥ സുഹൃത്തുക്കൾ. ഒരു സുഹൃത്ത് ഇങ്ങനെയാവണം അങ്ങനെയാവണം എന്നൊന്നും ഇല്ല. അത് നിയമങ്ങൾക്കും വാക്കുകൾക്കും ഒക്കെ അതീതമാണ്. നമ്മുടെ നന്മക്കായി പ്രവർത്തിക്കുന്നവർ നമുക്കു സുഹൃത്തുക്കളാണ്. അവർക്ക് ലാഭേച്ഛ ഇല്ലെങ്കിൽ.

എന്തിനും ഏതിനും നമ്മോടൊപ്പം നിൽക്കുന്ന ഒരു സുഹൃത്തെങ്കിലും എല്ലാവർക്കും ഉണ്ടാവില്ലേ. ഒരു കൊച്ചു പുഞ്ചിരിയിൽ പിണക്കങ്ങളെല്ലാം മറന്ന് അരികിലണയുന്ന ഒരു സുഹൃത്ത്. വിശേഷങ്ങളും വിഷമങ്ങളും പങ്കുവയ്ക്കുന്ന ഒരാൾ. ഞാൻ പിണക്കമാണ് എന്ന് പറഞ്ഞ് തിരിഞ്ഞ് നടന്നിട്ടും പിണക്കമാണെന്ന് ഓർമ്മിപ്പിക്കാൻ വേണ്ടി തിരിച്ചെത്തുന്ന സുഹൃത്തുക്കൾ. നാം എപ്പോഴും ആഗ്രഹിക്കാറില്ലേ അങ്ങനെയൊരു സുഹൃത്ത് വേണമെന്ന്. കുറച്ച് കുസൃതിയും കുറുമ്പും സ്നേഹവുമുള്ള ഒരു നല്ല സുഹൃത്ത്.

ചില നിമിഷങ്ങളിൽ നാം ഒറ്റക്കാവുമ്പോൾ അറിയാതെ കണ്ണു നിറയാറില്ലേ... നമുക്കു നഷ്ടമായ ചില നിമിഷങ്ങളെ ഓർത്ത്. പിണക്കങ്ങളും ഇണക്കങ്ങളും എപ്പോഴും ചിരിക്കുന്ന മുഖങ്ങളും. ഈ കുസൃതിയും കുറുമ്പും ഒന്നും മായാതിരുന്നെങ്കിലെന്ന് ആഗ്രഹിക്കാറില്ലേ... പക്ഷെ സമ്പന്നമായ ഈ കലാലയകാലം വെറും മൂന്ന് നിമിഷങ്ങൾകൊണ്ട് ഓടിമറയുന്നത് നാം നോക്കി നിൽക്കേണ്ടിവരും ഒരിക്കൽ. ഒരു മഴക്കാലത്ത് ഇവിടെ ഈ കലാലയ മുറ്റത്ത് നാം ഒത്തുചേർന്നപ്പോൾ പിരിയേണ്ടി വരുമെന്ന് ഓർത്തിരിക്കില്ല. ഒരു മഴക്കാലം ചേർത്തു വച്ചപ്പോൾ മറ്റൊരു മഞ്ഞുകാലം വേർപിരിക്കാൻ ഓടിയെത്തും. പഴുത്തില കൊഴിഞ്ഞ് പുതു നാമ്പുകൾ വിടരുന്നപോലെ നാമീ പടിയിറങ്ങേണ്ടിവരും. പിന്നെ ജീവിതയഥാർത്ഥ്യങ്ങളിലേക്ക്.... ഉത്തരവാദിത്വങ്ങളിലേക്ക്... ഏവർക്കും അവരവരുടേതായ തിരക്കുകൾ... സന്തോഷം ദുഖം, സ്വന്തം എന്ന സ്വാർത്ഥ സുഖങ്ങൾ നമ്മെ കീഴ്പ്പെടുത്തും. പിന്നെയെന്തിനുവേണ്ടിയുള്ള ഓട്ടപ്പാച്ചിലുകൾ. അവസാനം ജീവിതം ഒരു മടുപ്പായി തീരുമ്പോൾ... ജീവിത സായാഹ്നത്തിൽ നാം ഒറ്റക്കാവുമ്പോൾ നാം പുറകോട്ട് നടക്കും. നമ്മുടെ സുന്ദരമായ ചില നിമിഷങ്ങളെ ഓർമ്മകളിൽ കണ്ടെത്തും. അത് ചിലപ്പോൾ ഒരു പുഞ്ചിരി വിടർത്തിയേക്കാം... അല്ലെങ്കിൽ ഒരിറ്റു കണ്ണീർ കവിൾത്തടം നനച്ചൂറിയിറങ്ങിയേക്കാം....



# ഇന്റർനെറ്റ് ന്യൂട്രാലിറ്റിക്കു വേണ്ടി പൊരുതുക

ഇന്റർനെറ്റ് ഇന്ന് പൊതുജീവിതത്തിന്റെ ഭാഗമായി കഴിഞ്ഞു. അറിവിന്റെ ഉറവിടമാണിത്. എല്ലാ മാധ്യമങ്ങളുടെയും മാധ്യമവുമാണ്. നിത്യജീവിതത്തെ സ്വാധീനിക്കുന്ന ശക്തിയായി അതു വളർന്നു കഴിഞ്ഞു. ഇന്റർനെറ്റ് നിഷ്പക്ഷത അഥവാ ഇന്റർനറ്റ് ന്യൂട്രാലിറ്റിക്കുവേണ്ടിയുള്ള പോരാട്ടമാണ്. എയർടെൽ, റിലയൻസ് ഉൾപ്പെടെയുള്ള ചില ഇന്റർനെറ്റ് സേവന ദാതാക്കൾ അവരുടെ സാമ്പത്തിക താല്പര്യം മുൻനിർത്തി ഇപ്പോൾ നടത്തുന്ന നീക്കം ശക്തമായ പ്രതിഷേധത്തിന് ഇതിനകം തന്നെ ഇടവരുത്തിയിട്ടുണ്ട്. ടെലികോം അതോറിറ്റി ഓഫ് ഇന്ത്യ ഈ കുത്തകകളുടെ നിർദ്ദേശം അനുസരിച്ച് ജനഹിതത്തിന് വിരുദ്ധമായി പ്രവർത്തിക്കുകയാണ്. ഇന്റർനെറ്റ് കണക്ഷൻ പണം കൊടുത്ത് കരസ്ഥമാക്കുന്ന ഉപഭോക്താവ് ഉപയോഗിക്കുന്ന വ്യത്യസ്ത സേവനങ്ങൾക്കുകൂടി വെവ്വേറെ പണം ചുമത്താനാണ് ഈ രംഗത്തെ കുത്തകകൾ ലക്ഷ്യം വയ്ക്കുന്നത്. അതായത് വ്യാപകമായി ഉപയോഗിക്കുന്ന ഫെയ്സ് ബുക്ക്, സ്കൈപ്പ്, യൂട്യൂബ്, വാട്സ്ആപ്പ് തുടങ്ങിയവയ്ക്ക് പ്രത്യേകം പ്രത്യേകം തുക ഈടാക്കാനാണ് നീക്കം. ഇത്തരം സേവനങ്ങൾ നൽകുന്നതിന് തങ്ങളുടെ ഭൗതിക സൗകര്യങ്ങൾ സജ്ജീകരിക്കാനാണ് അധിക തുക ഈടാക്കുന്നതെന്നാണ് കമ്പനികളുടെ വാദം.

രാജ്യത്തെ 31 കോടി ജനങ്ങൾ ഇന്റർനെറ്റ് സേവനം പ്രയോജനപ്പെടുത്തുന്നുവെന്നാണ് കണക്ക്. എല്ലാ സേവനങ്ങളും ഇന്റർനെറ്റിലൂടെ സാധ്യമാക്കുന്ന ഒരു കാലമാണ് വരാൻ പോകുന്നത്. കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ഇ-സാക്ഷരതയിൽ വലിയ മുന്നേറ്റം

ഇതിനകം നേടിക്കഴിഞ്ഞു. വിദ്യാഭ്യാസം, വിനോദം, വിജ്ഞാനം, വിവിധ സേവനങ്ങൾ തുടങ്ങി ഇന്റർനെറ്റ് ശൃംഖല സ്പർശിക്കാത്ത മേഖലകൾ ഇന്നില്ല. ഇന്റർനെറ്റ് സേവനങ്ങൾക്ക് വിലകൂടുന്നുവെന്നതിന്റെ അർത്ഥം അറിവിന്റെ കുത്തകവൽക്കരണം എന്നുകൂടിയാണ്. ഇത് ജനാധിപത്യവിരുദ്ധമാണ്. സമൂഹത്തിലെ സാമ്പത്തികമായി മുഖ്യധാരയിൽ നിൽക്കുന്നവർക്കു മാത്രം ഈ പൊതുസേവന ഇടമായി ഇന്റർനെറ്റ് സേവനങ്ങളെ സർക്കാർ പ്രഖ്യാപിക്കുകയാണ് വേണ്ടത്.

അഭിപ്രായ സ്വാതന്ത്ര്യങ്ങളുടെ ചുമരെഴുത്തു കൂടിയാണ് ഓരോ സാമൂഹ്യ മാധ്യമങ്ങളും. ജനീകയ പ്രതിഷേധങ്ങൾക്ക് ചങ്ങലയിടുന്ന രാജ്യത്ത് പൗരന്റെ പ്രതിഷേധത്തിന്റെയും സ്വതന്ത്രമായ അഭിപ്രായ പ്രകടനങ്ങളുടെയും ഇടമാണ് ഇന്ന് നവ മാധ്യമങ്ങൾ. വാർത്തകളുടെ തിരസ്കരണത്തെ തോൽപ്പിക്കാൻ കഴിയുന്നു എന്നതാണ് ഇന്നത്തെ സമൂഹത്തിൽ നവമാധ്യമങ്ങൾ നിർവഹിക്കുന്ന പ്രധാന ധർമ്മം. രാജ്യത്ത് അടുത്ത കാലത്തായി ഇന്റർനെറ്റ് സ്വാതന്ത്ര്യത്തെ സംബന്ധിച്ച പോരാട്ടങ്ങൽ ശക്തിപ്രാപിക്കുന്നു.

ഇന്റർനെറ്റ് ന്യൂട്രാലിറ്റിക്ക് വേണ്ടി ഇതിനകം തന്നെ വലിയ പ്രതിരോധ മതിൽ ഉയർന്നുകഴിഞ്ഞു. നവമാധ്യമങ്ങൾ ഒരുക്കുന്ന പ്രതിഷേധമുഖങ്ങൾ ഭയക്കുന്നവർകൂടിയാണ് ഇന്റർനെറ്റ് നിയന്ത്രണങ്ങൾക്ക് പിന്നിൽ പ്രവർത്തിക്കുന്നത്. അതുകൊണ്ട് തന്നെ ഇന്റർനെറ്റ് ന്യൂട്രാലിറ്റി സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള പോരാട്ടം ജനാധിപത്യത്തിനായുള്ള സമരമുഖം തന്നെയാണ്.



Arun Raveendran
(IIIrd BA History)

---

## NSS CAMP





**Jolsana Thomas**
**(IIIrd BA History)**

# പ്രയാണം

ജീവതനൗകയിലെ യാത്രക്കാരാണ് നാം. ആദിജീവസ്പന്ദനം മുതൽ പുരാതനാനുഭവങ്ങളിലൂടെ യാത്ര ചെയ്ത് മനുഷ്യസംസ്കൃതിയുടെ വളർച്ചയിലെത്തുന്ന സുഗമമായ യാത്ര. ജീവിതത്തിലെ അമൂല്യങ്ങളായ അനുഭവസമ്പത്തിലൂടെ പുതുമയുടെയും വൈവിധ്യത്തിലൂടെയും അസ്വാദ്യത രുചിച്ചറിഞ്ഞ് യാത്ര ചെയ്യുന്നു. ലോകത്തിന്റെ സംഭ്രമജനകമായ അവസ്ഥയെയും ഭൂഗോളത്തിന്റെ വർത്തമാനകാല വിഹ്വലതകളെയും പിന്നീട് യുഗയുഗാന്തരങ്ങളുടെ ആത്മീയ പ്രഭാവമായി, ജന്മജന്മാന്തരങ്ങളുടെ പ്രയാണം, ബാല്യവും, കൗമാരവും, യൗവ്വനവും, വാർദ്ധക്യവുമായ ജീവിതാവസ്ഥകളെ വഴിത്താരയിലൂടെ ആനയിക്കുന്നു.

ഓർമ്മയുടെ കുപ്പിവളകൾ കിലുങ്ങി ചിരിച്ച നാളുകൾ മധുരനൊമ്പരങ്ങളുടെ താളലയത്താൽ തഴുകിയകന്ന ഓരോ ദിനവും പോയ്മറഞ്ഞ സ്വപ്നങ്ങളായി ഇന്ന് പരിണമിക്കുന്നു. ജീവിതമുറ്റത്ത് സ്പർശിച്ച കാലുകൾ പിൻവലിച്ച് മടങ്ങുമ്പോൾ ഒരായിരം ഓർമ്മകളുടെ യാഥാർത്ഥ്യങ്ങളെയും ചുമലിലേറ്റുന്നു. പടിയിറങ്ങാൻ മടിക്കുന്ന മനസ്സും ഓർമ്മകളും പേറിയുള്ള യാത്ര ജീവിതത്തിന്റെ കൊടുമുടിയേറാൻ കൊതിക്കുന്നു. ജീവിതത്തിന്റെ സുന്ദരനിമിഷങ്ങളുടെ മഞ്ചലിലേറി യാത്രചെയ്ത ഓരോ നിമിഷവും ലക്ഷ്യങ്ങളിലേക്ക് നയിക്കുന്നു.

ജീവിതപ്രയാണത്തിൽ ലക്ഷ്യത്തിലേക്കുള്ള ചുവടുകൾവച്ച് നിശീഥിനിയിൽ കിനാവുകണ്ട് വെല്ലുവിളികളുടെയും പ്രയാസങ്ങളുടെയും കടമ്പകൾ കഠിനാദ്ധ്വാനത്തിലൂടെയും പ്രയത്നത്തിലൂടെയും നയിച്ച് അവസാനം ലക്ഷ്യസ്ഥാനത്തെത്തുന്നു. നാൾവഴിയിലെ നനുത്ത നോവുകളെയും കളങ്കമറ്റ സന്തോഷത്തിന്റെയും ആന്തരിക ബാഹ്യാനുരൂപങ്ങളെ ചേർത്ത്വച്ച് ജീവപ്രയാണത്തിൽ രുചിഭേദങ്ങൾ പകരുന്നു. നിറമുള്ള സ്വപ്നങ്ങൾ നെയ്ത്കൂട്ടി നാം ജീവിതത്തിന്റെ വിജനമായ വഴിത്താരകളിലും പുതിയ മേച്ചിൽ പുറങ്ങളിലും പ്രകാശം പരത്തുന്ന മിന്നാമിനുങ്ങുകളെ പോലെ മിന്നിത്തിളങ്ങി ഓളങ്ങളിലാകെ ഇനി ഒരിക്കലും തിരിച്ചു നടക്കാനാവാത്ത ഇന്നലെയും പാതയിലൂടെ അനസ്യൂതമായി ഒഴുകികിണുങ്ങുന്ന അനന്തതയുടെ അജ്ഞാതതയിലേക്കുള്ള പ്രയാണം.....

# പ്രണയമഴയിൽ

മഴ നനയാൻ
യാത്ര ചെയ്യാൻ
സ്വപ്നം കാണാൻ
ഒന്നുമെനിക്കാകുന്നില്ല...
നീയില്ലാതെ....
കാട്ടുവഴിയിലൂടെ
നടന്നു നീങ്ങുമ്പോൾ
അടയാളമായി
നാം തീർത്തവയെല്ലാം
തിരികെ യാത്രയിൽ
ഇണയോടു ചേർന്നു
ഇന്നലെ,
ഈ കഥ കേട്ടു
അതിലെ പെൺകുട്ടിക്കും
നിന്റെ മുഖമായിരുന്നു.



Akhil Krishna
(III BA History)



Jeena Mary Johnson
(IIIrd B.Com.)

# *My Sweetest Mother*

Mother means a love of ocean,
It's never ending and dicing
When we are in sorrow,
She wipses our tears
She makes her children happy
But, when I miss her love
I miss the never dicing Ocean
She is the love lamp in me
I can't describe Mother's love in these words
And she is the leading lamp in my life.



# നിനക്കായ്



Anumol C. Nair
(IInd BA English)

മനോഹരമായ ഒരു ഗാനം പോലെയാണ് കഴിഞ്ഞ അധ്യയനവർഷങ്ങൾ കടന്നുപോയത്. പെയ്തിറങ്ങിയ മഴമേഘങ്ങൾക്കും കൊഴിഞ്ഞു വീണ ഇലകൾക്കും നിറം ചാർത്തി കൊഴിഞ്ഞുപോയ കാലത്തിന്റെ അതിമധുരമായ നിമിഷങ്ങൾ കോർത്തിണക്കി ഓർമയിൽ സൂക്ഷിക്കാൻ ഒരുപാട് ഓർമ്മകൾ

നമുക്കുണ്ട്. ഈ കലാലയത്തിൽ ആദ്യമായെത്തിയതിന്റെ.... കൊച്ചു കുസൃതികളുടെ.... ഉള്ളിൽ നിന്നും ചികഞ്ഞെടുത്ത നേരിന്റെ.... അങ്ങനെ ഒരുപാട് ഒരുപാട് ഓർമ്മച്ചെപ്പിൽ മഞ്ചാടിക്കുരുക്കൾ പോലെ സൂക്ഷിച്ചു വയ്ക്കാം. ഓരോ തുടുപ്പിലും ഇമ്പമുള്ള നാദതരംഗങ്ങൾ സൃഷ്ടിക്കുകയും അവയെ ചിട്ടപ്പെടുത്തുന്നു. കാലത്തിന്റെ കുത്തൊഴുക്കിന് മായിക്കാൻ സാധിക്കാത്ത സംഗീതശില്പമാവുന്നതുംപോലെ എന്നെന്നും നിലനിൽക്കുന്നതാണ് നമ്മുടെ സൗഹൃദം. ഇന്നലെയിൽ നിന്ന് ഉതിർന്ന മനോഹര നിമിഷങ്ങൾ നാളേക്കുള്ള പ്രചോദനമാണ്. സ്നേഹത്തിന്റെയും പിണക്കത്തിന്റെയും നേർത്ത രാഗങ്ങളും താളമേളങ്ങളുടെ വർണപകിട്ടും ഭാവസാന്ദ്രമായ ഈണങ്ങളും ഒരുമിക്കുന്നതും സ്വപ്നങ്ങൾക്ക് ചിറകുമുളക്കുന്നതും നാം ഒത്തു ചേരുമ്പോഴാണ്. പഴയ നാദങ്ങൾ ഓർമ്മയുടെ മണിച്ചെപ്പിൽ മറയുമ്പോൾ ഇനിവരുന്ന കാലങ്ങൾ നിനക്ക് സുവർണ്ണനിമിഷങ്ങളാകട്ടെ.

# മഹദ്വചനങ്ങൾ

Anujith Sukumaran
(IIIrd B.Sc. Physics)

നാം കുട്ടിക്കാലം മുതൽ സദാസമയവും വെളിയിലുള്ള വല്ലതിനേയും കുറ്റം ചുമത്താനാണ് യത്നിച്ചുകൊണ്ടിരിക്കുന്നത്; നാം എപ്പോഴും മറ്റുള്ളവരെ നേരെയാക്കാനാണു നിലകൊള്ളുന്നത്, നമ്മെത്തന്നയല്ല *- സ്വാമി വിവേകാനന്ദൻ*

അനുസരിക്കുന്നവന് മാത്രമേ ആജ്ഞാപിക്കാന് കഴിയൂ. *- എമേഴ്സൺ*

തുണിനെയ്യുന്നതുപോലെയാണു എട്ടുകാലി വല കെട്ടുന്നത്. ശില്പി ശില്പമുണ്ടാക്കുന്നതു പോലെയാണ് തേനീച്ച കൂടുകൂട്ടുന്നത്. പക്ഷേ ഏറ്റവും മോശക്കാരനായ ശില്പിയേയും ഏറ്റവും വിദഗ്ധനായ തേനീച്ചയേയും വേർതിരിക്കുന്നത്, ശില്പി യഥാർത്ഥത്തിൽ ശില്പമുണ്ടാക്കുന്നതിനു മുമ്പുതന്നെ ഭാവനയിൽ അതുകാണുന്നു എന്നതാണ്. *- കാറൽമാർക്സ്*

ഏതു വിദ്യാഭ്യാത്തിനും ഒരു ലക്ഷ്യം ഉണ്ടാവണം. കാരണം വിദ്യാഭ്യാസം ലക്ഷ്യമല്ല മാർഗ്ഗമാണ്. *- സിബിൽ മാർഷൽ*

വിളക്കിന്റെ പ്രകാശത്തിനു നന്ദി പറയുക; എന്നാൽ നിഴലിൽ ക്ഷമയോടെ വിളക്കു പിടിച്ചു നിൽക്കുന്ന ആളെ മറക്കാതിരിക്കുകയും ചെയ്യുക. *- ടാഗോർ*

അഭ്യാസത്തെക്കാൾ ശ്രേഷ്ഠം ജ്ഞാനം. ജ്ഞാനത്തേക്കാൾ ശ്രേഷ്ഠമാണു ധ്യാനം. ധ്യാനത്തേക്കാൾ വിശിഷ്ടമാണു ത്യാഗം. ത്യാഗത്തിൽനിന്ന് ഉടനെ ശാന്തി ലഭിക്കുന്നു. - ഭഗവത്ഗീത

അദ്ധ്വാനിക്കുന്നവന്റെ ഉറക്കം മാധുര്യമുള്ളതാണ്. *- റഷ്യൻ പഴമൊഴി*

അഹങ്കാരവും കഴിവില്ലായ്മയും സയാമീസ് ഇരട്ടകൾ ആണ്. *- ലോവൽ*

തക്കസമയത്ത് പറയുന്ന ഒരു വാക്കിനു ഒരു പൈസയുടെ വിലയുണ്ടെങ്കിൽ തക്കസമയത്തെ നിശബ്ദതയ്ക്ക് രണ്ടു പൈസയുടെ വിലയുണ്ട് *- താല്മൂദ്*

ജീവിതത്തിൽ നാം പല ഉയർന്ന നേട്ടങ്ങളും കൈവരിച്ചു എന്ന് വരും പക്ഷെ ദുരഭിമാനവും ..... നമുക്കപ്പോൾ ഉണ്ടാവരുത്. *- മാവേ സേതുങ്ങ്*

മരിച്ചയുടനെ നിങ്ങൾ മറക്കപ്പെടാതിരിക്കാൻ ഒന്നുകിൽ വായിക്കാൻ കൊള്ളാവുന്നവ വല്ലതും എഴുതുക. അല്ലെങ്കിൽ എഴുതാൻ കൊള്ളാവുന്നവ ചെയ്യുക. *- ഫ്രാങ്കിൻ*

യുദ്ധം കാട്ടാളന്മാരുടെ പ്രവർത്തിയാണ്. *- നെപ്പോളിയൻ*

വളരെയധികം ചിന്തിക്കുക, കുറച്ചു മാത്രം സംസാരിക്കുക, അതിലും കുറച്ച് എഴുതുക. *- എബ്രഹാം ലിങ്കൺ*



# നായകൻ

എന്നത്തെയും പോലെ ഓഫീസിൽ നിന്ന് വളരെ ക്ഷീണിതനായാണ് ദീപക് ഇന്നും മുറിയിലെത്തിയത്. കടുത്ത നിരാശ മാത്രമായിരുന്നു ആ മുഖത്ത്. ഈ ലോകത്ത് നിന്നൊരു മോചനം ദീപക് ആഗ്രഹിച്ചിരുന്നു. വളരെ കഷ്ടപ്പെട്ടു പഠിക്കാനയച്ച മാതാപിതാക്കളുടെ പ്രതീക്ഷകൾ തകർത്തുകൊണ്ടായിരുന്നു അവന്റെ ജീവിതം. കുത്തഴിഞ്ഞുപോയ തന്റെ ജീവിതത്തെക്കുറിച്ച് അവനിന്നു ഒരുപാട് ദുഃഖിക്കുന്നു. പക്ഷെ എന്തു പ്രയോജനം! ദീപൂ.... ദീപൂ.... എന്നു വിളിച്ച് പുറകെ നടന്നവരൊന്നും ഇന്നവന്റെ കൂടെയില്ല. ആ സത്യം അവനെ ഈ ലോകത്തു നിന്നും ഒളിക്കാൻ പ്രേരിപ്പിച്ചുകൊണ്ടേയിരുന്നു.

നേരം ഇരുട്ടിക്കഴിഞ്ഞിരിക്കുന്നു. താൻ ആഗ്രഹിച്ചതുപോലെ നല്ല തണുപ്പുള്ള രാത്രിയാണിതെന്ന് സ്വയം പറഞ്ഞുകൊണ്ട് അവൻ മുറിയ്ക്കു പുറത്തേയ്ക്കു വന്നു. അന്തരീക്ഷം ശബ്ദമുഖരിതം. ഒന്നോ രണ്ടോ നക്ഷത്രങ്ങൾ മാത്രം തെളിയുന്ന കറുത്ത ആകാശത്തിനു കീഴിൽ ഒരു കസേര വലിച്ചിട്ട് അവൻ ഇരുന്നു. കഴിഞ്ഞുപോയ ഓരോ നിമിഷവും അവൻ വേദനയോടെ ഓർത്തു. ഒരുപാട് ചോദ്യങ്ങൾ അവൻ സ്വയം ചോദിച്ചു. മറ്റാരും തന്റെ സംസാരം കേൾക്കാൻ വരില്ലായെന്ന് അറിയാമായിരുന്ന അവൻ സ്വയം സംസാരിച്ചുകൊണ്ടേയിരുന്നു... നേരം പുലരുവോളം....

വേദന കനൽ പോലെയാണ്. ഉള്ളിൽ അത് നീറിപ്പുകഞ്ഞു കൊണ്ടേയിരിക്കും കാലങ്ങളോളം. നിസ്സാരമെന്ന് കരുതിയ പല പ്രവൃത്തികളും മനസ്സിനെ ഇത്ര ആഴത്തിൽ മുറിവേൽപ്പിക്കുമെന്ന് ചിന്തിച്ചില്ല. ആ സത്യം മനസ്സിലാക്കിയപ്പോഴേയ്ക്കും ഒരുപാട് വൈകിപ്പോയിരുന്നു. അനുഭവങ്ങളിൽ നിന്നും പിന്നീട് പലതും പഠിച്ചു. 'പക്ഷേ സ്വസ്ഥതയ്ക്കുവേണ്ടിയുള്ള ഓട്ടത്തിനിടയിൽ എന്റെ മനസ്സിന്റെ താളം തെറ്റിയത് ഏത് നിമിഷത്തിലാണ്?"

അകറ്റപ്പെടുമ്പോഴാണ് വല്ലാത്ത ഒരാവേശത്തോടെ അടുക്കാൻ തോന്നുന്നത്. പക്ഷേ ഇവിടെ ഒറ്റപ്പെടലിന്റെ കയ്പ് മാത്രമേ ഞാൻ തിരിച്ചറിയുന്നുള്ളൂ. എന്നെ ആരും പ്രതീക്ഷിക്കുന്നില്ല എന്ന തോന്നൽ ഒരു രാക്ഷസത്തിരപോലെ എന്നിൽ ആഞ്ഞടിക്കുന്നു. ഞാൻ എനിക്ക് വേണ്ടി മാത്രമാണ് ജീവിക്കുന്നത്. എന്റെ ജീവിതം മറ്റാർക്കും പ്രതീക്ഷ നൽകുന്നില്ല. അതുകൊണ്ട് ഞാൻ എന്നെത്തന്നെ ഒരുപാട് വെറുക്കുന്നു.

പുറം ലോകത്തിലെ ചതിക്കുഴികൾ പലതും എന്നെ പതിയിരുന്നാക്രമിക്കുമോ എന്ന ഭയം ഇപ്പോൾ അലട്ടിത്തുടങ്ങിയിരിക്കുന്നു. ഒരു ദിനം തുടങ്ങുന്നതു പോലെ അവസാനിക്കുന്നു. ആശകളും പ്രതീക്ഷകളുമില്ലാതെ.... അതുതന്നെ വരുംദിനങ്ങളിലും ആവർത്തിക്കുന്നു. മടുത്തുതുടങ്ങിയിരിക്കുന്നു ഇതൊക്കെ. എന്തിനുവേണ്ടിയാണ് ഞാനിനിയും.... ആർക്കുവേണ്ടിയാണ്... ജീവിതം ഒരാവർത്തനമാണെന്ന സത്യം വളരെ ശരിയാണ്. എന്തിനോ വേണ്ടി ഇങ്ങനെ...

ഒരുപാട് ആളുകളെ ഞാൻ വേദനിപ്പിച്ചു. എല്ലാം തെറ്റാണ്. നമ്മെ സ്നേഹിക്കുന്നവരെ വിഷമിപ്പിക്കാതെ നോക്കേണ്ടത് നമ്മുടെ കടമയാണ്. അത് ജന്മം തന്നവരോടാണെങ്കിൽ അതിന്റെ വില ഒരുപാട് വലുതാണെന്ന് ഞാനും കേട്ടിട്ടുണ്ട്. നാം കാരണം മാതാപിതാക്കളുടെ കണ്ണുനിറയേണ്ടി വന്നിട്ടുണ്ടെങ്കിൽ അതിന്റെ ശിക്ഷ ഈ ജന്മത്തിൽ മാത്രമല്ല അടുത്ത ജന്മത്തിലും അനുഭവിക്കേണ്ടിവരും എന്ന് ഞാൻ ഇന്ന് വിശ്വസിക്കുന്നു. വളരെ വൈകിയാണെങ്കിലും ആ സത്യം ഞാൻ തിരിച്ചറിഞ്ഞു ഇപ്പോൾ. അവരെ ഞാൻ ഒരുപാട് വേദനിപ്പിച്ചു പോയി. ആ പാപത്തിന്റെ കറ എങ്ങനെ എളുപ്പത്തിൽ കഴുകുവാനാകും.

ദുരന്തങ്ങളുടെ വരവ് മുൻകൂട്ടി നിശ്ചയിക്കപ്പെട്ടതാണോ എന്ന് എനിക്ക് സംശയം തോന്നാറുണ്ടായിരുനനു. എന്നാൽ ഇത് ദുരന്തത്തിനു മൊടുവിൽ കൈപിടിച്ച് എഴുന്നേൽപ്പിക്കാൻ ദൈവം കാത്തുനിൽപ്പുണ്ടായിരുന്നു. മറ്റൊരു പ്രതിരൂപത്തിൽ... ഈ വിശ്വാസം ഇപ്പോൾ എന്നിലില്ല. എങ്കിലും കുറെക്കാലം ആ വിശ്വാസത്തിൽ ഞാൻ മുന്നോട്ട് പോയിരുന്നു. പക്ഷേ അനുഭവങ്ങളുടെ കടുത്ത പരീക്ഷയിൽ ഇന്നെന്റെ മനസ്സും ശരീരവും തളർന്നു പോയിരിക്കുന്നു.

സമാധാനത്തോടെ പഠിക്കാനായിരിക്കും പലരും പഠിക്കാൻ പോകുന്നത്. ഒരുപാട് ചോദ്യങ്ങൾ ദിനംതോറും ആവർത്തിക്കപ്പെടുന്നു. അതിനെല്ലാം ഉത്തരം കണ്ടെത്തണം. എന്നാൽ ജീവിതത്തിന്റെയോ? പക്ഷേ എങ്ങനെ? ഞാൻ മനസിലാക്കിയിടത്തോളം ഉത്തരം ഇല്ലാത്ത ഒരു പ്രഹേളികയാണ് ജീവിതം. ഒരു ഉത്തരത്തിൽ നിന്നും മറ്റൊന്നിലേക്ക്. എത്ര ആലോചിച്ചാലും ഒന്നിലേക്ക് എത്തിച്ചേരാൻ എനിക്ക് കഴിഞ്ഞിരുന്നില്ല. ജീവിതം ഇങ്ങനെയൊക്കെയാണോ ഒഴുകുന്നത്? എനിക്ക് സംഭവിച്ചതുപോലെ താളമില്ലാതെ... അല്ല ഒരിക്കലുമല്ല. ജീവിതത്തിനൊരു താളമുണ്ട്. ഒരുപാട് ഓർമ്മകൾ ശ്രുതിയിട്ട് മനോഹരമാക്കിയ സുന്ദര ഗീതമായിരിക്കാം പലരുടെയും ജീവിതം. പക്ഷേ പിന്നിട്ട വഴികളിലൂടെ ഞാൻ നടക്കുമ്പോൾ മധുരമൂറുന്ന സ്മരണകൾ വിരലിലെണ്ണാവുന്നത് മാത്രം. എനിക്കായ് നിശ്ചയിക്കപ്പെട്ട സ്ഥലങ്ങളിൽ നിശ്ചയിക്കപ്പെട്ട കാലയളവിൽ ഞാനിപ്പോൾ ജീവിക്കുന്നു. യാതൊരു ബന്ധവുമില്ലാതത് സ്ഥലവും കാലവും.

ഒരുപാട് വഴികളിലൂടെ ഞാൻ സഞ്ചരിച്ചു. ആദ്യമൊക്കെ ഞാൻ സഞ്ചരിക്കുന്നതിനൊപ്പം സുഗന്ധം പകരുന്ന കാറ്റ് എന്നെത്തേടി വരുമായിരുന്നു. എന്നാൽ ഇന്നെന്റെയൊപ്പം സഞ്ചരിക്കുന്ന കാറ്റിന് മണമേയില്ല എന്നു ഞാൻ മനസിലാക്കുന്നു. എന്റെ വഴിയിൽ കാറ്റ് പോലും വീശാറില്ല എന്നുമെനിക്കിപ്പോൾ തോന്നാറുണ്ട്. അഥവാ വീശിയാൽത്തന്നെ, സർപ്പഗന്ധിയുടെ മണവും ആ വിഷസ്വഭാവവും മാത്രമേ എന്നെ പുണരുന്ന കാറ്റിനുള്ളൂ. പതിയെപ്പതിയെ ആ ഗന്ധവും ഞാൻ ഇഷ്ടപ്പെടാൻ തുടങ്ങിക്കഴിഞ്ഞിരിക്കുന്നു. ഈ ഗന്ധം എന്നെയിപ്പോൾ ഭ്രാന്തുപിടിപ്പിക്കുന്നു.


ചെറുപ്പത്തിൽ ഞാൻ ഒരുപാട് സ്നേഹിച്ച എന്റെ മനസ്സ്, ഒരുപാട് മോഹങ്ങൾ കൊണ്ട് താലോലിച്ച മനസ്സ്... ആ മനസ്സ്

തുളവീണ ആകാശത്തെപ്പോലെ ചോർന്നൊലിച്ചുകൊണ്ടിരിക്കുകയാണ് ഇപ്പോൾ. വയ്യാ... ഇനി വയ്യാ... അശാന്തമായ മനസ്സുമായ് ചുണ്ടിൽ പുഞ്ചിരിയുമായ് എത്രനാൾ? ദുഃഖം തൂങ്ങിയാടുന്ന എന്റെ കണ്ണുകൾക്ക് ഇപ്പോൾ ഭാരം കൂടിയിരിക്കുന്നു. അതെന്റെ മുഖത്തെ വിരൂപമാക്കിയേക്കു ചിലപ്പോൾ. അതിനുമുമ്പ് എനിക്ക് രക്ഷപ്പെടണം. യാത്രയാകണം.

ചിന്തകൾക്ക് വിരാമമിട്ടുകൊണ്ട് ദീപക് ഒന്നു പുഞ്ചിരിച്ചു. എല്ലാം മറന്നു സന്തോഷിക്കാനുള്ള അവസാനശ്രമം. അവൻ മുറിയിലേക്കു നടന്നു. ബാഗിൽ കരുതിയിരുന്നു ഒരു വിഷക്കുപ്പി അവൻ കൈയിലെടുത്തു. അതിന്റെ അടപ്പ് തുറക്കാനൊരുങ്ങുമ്പോഴാണ് വാതിൽ തട്ടുന്ന ശബ്ദം അവൻ കേട്ടത്. ദീപക് പെട്ടെന്ന് ആശ്ചര്യപ്പെട്ടു. ഒരു പോസ്റ്റ്മാൻ പോലും കടന്നുവരാത്ത ഈ വീട്ടിലേക്ക് ആരാണ് ഈ രാത്രിയിൽ? പതിയെ അവൻ വാതിൽ തുറന്ന് പുറത്തേക്കു നോക്കി. മങ്ങിയ വെളിച്ചത്തിൽ ദീപക് അവന്റെ മുഖം വ്യക്തമായി കണ്ടു. അതെ... അവൻ തന്നെ എന്റെ കളിക്കൂട്ടുകാരൻ, അലക്സ്. എന്തുപറയണമെന്നറിയാതെ ദീപക് അവന്റെ മുഖത്തേയ്ക്ക് തന്നെ നോക്കി നിന്നു. പിന്നെയൊരു പൊട്ടിക്കരച്ചിലായിരുന്നു. ഈ അവസാനനിമിഷം നിന്നെയെങ്കിലും കാണാൻ കഴിഞ്ഞ സംതൃപ്തിയിൽ എനിക്ക് ഈ ജീവിതത്തിൽ നിന്നു മടങ്ങാനാകും. ഞാൻ എല്ലാം അവസാനിപ്പിക്കുകയാണ് അലക്സ്... എനിക്കെല്ലാം നഷ്ടപ്പെട്ടു. ഇനി ജീവിതത്തിലേയ്ക്ക് ഒരു തിരിച്ചുവരവ് ഇല്ല.

ദീപക്, എന്താണു നീ പറയുന്നത്. നീ പറയാതെതന്നെ എല്ലാം എനിക്കറിയാം. നിന്റെ ജീവിതത്തിൽ അങ്ങയൊക്കെ സംഭവിച്ചുപോയി. എല്ലാമൊരു ദുഃസ്വപ്നം പോലെ മറക്കണം നീ. എത്രയായാലും നിന്റെ അമ്മയ്ക്ക് നീ മകൻ അല്ലാതെയാകില്ല. അമ്മമാർ മക്കളിൽ നിന്നും ഒന്നും പ്രതീക്ഷിക്കുന്നില്ല എന്നാണു വാസ്തവം. മുൻപ് അങ്ങനെയൊരവസരത്തിൽ ഏതൊരു അമ്മയും ഇങ്ങനെ ചെയ്ത് പോകും. നിന്റെ അച്ഛന്റെ തീരുമാനങ്ങൾ അനുസരിക്കുകയെന്നതേ അവർ ചെയ്തിട്ടുള്ളൂ. ഇന്നു നിന്റെ അച്ഛൻ മരിച്ചിട്ട് 4 വർഷമായി, അമ്മ തനിച്ചാണിവിടെ. നീ എന്നെങ്കിലുമൊരുനാൾ വരുമെന്ന പ്രതീക്ഷയിലാണ് ഈ സ്ത്രീ ഇന്നും ജീവിക്കുന്നത്. ദീപക്, നീ എന്റെ കൂടെ നാട്ടിലേയ്ക്ക് വരണം. അവശതയായ അമ്മയെ നീ കാണാൻ വന്നില്ലെങ്കിലും ശരി സ്വന്തം ഹൃദയമിടിപ്പിൽ ജ്വലിച്ച് ജ്വലിച്ച് നിന്റെ പേര് ഇപ്പോൾ അമ്മയ്ക്ക് ജപനാമമായ് മാറിയിരിക്കുന്നു. അലക്സ്... നിർത്തൂ ഇത്. ഞാന് വരുകയാണ് അമ്മയുടെ അടുത്തേയ്ക്ക്. ഇനിയുള്ള കാലം ചെയ്ത പാപങ്ങൾക്ക് പരിഹാരമായി ഈ അമ്മയ്ക്ക് തണലും സ്നേഹവും നല്കി എനിക്ക് ജീവിക്കണം.

ഓർമ്മകളിൽ നിന്നും മാഞ്ഞുപോയ തന്റെ വീട്ടിലേക്കുള്ള വഴി ദീപക് വീണ്ടും മനസ്സിൽ വരച്ചെടുത്തു. അവൻ യാത്രയായി. ആ നേരമത്രെയും ജനൽ പാളികളിലൂടെ നോക്കി നിന്ന അമ്മ മകനെകണ്ടതും ഒന്നു തളർന്നു. അമ്മയോട് അടുക്കുന്തോറും തന്റെ മനസ്സ് സൂര്യനെക്കാൾ താപത്തിൽ തിളയ്ക്കുകയാണെന്ന് ദീപക്കിനു മനസ്സിലായി. അടുത്തെത്തിയതും അമ്മയുടെ കാൽക്കലേക്ക് അവൻ വീഴുകയായിരുന്നു. അമ്മയുടെ പൊട്ടിക്കരച്ചിൽ ഒരു ഇടിമിന്നലിന്റെ ഇരമ്പൽ ഉയർത്തി. ശബ്ദം കേട്ട് അടുത്ത വീട്ടിലുള്ളർ ഓടിയെത്തുമ്പോഴേക്കും അമ്മ മകനെ ചേർത്ത് പിടിച്ച് നെഞ്ചോടമർത്തിയിരുന്നു. ആരോ മരിച്ചുവെന്നാണ് ഓടിക്കൂടിയവർ വിചാരിച്ചത്. പക്ഷേ ഇത് മരണമല്ല ജനനമാണ്. അമ്മയ്ക്ക് ഒരു മകൻ പിറന്നിരിക്കുന്നു.



Arjun Vijay
(IIIrd B.Com.)

# HEALTH ALPHABET

A - Air is free, open your window to let it in.
B - Breathe deeply, especially in the morning.
C - Chill and drought avoid, they endanger your health.
D - Dwell not in dirt to keep your body healthy.
E - Eat good food and eat to live but, don't live to eat.
F - Fight disease by keeping good power of resistance within you.
G - Get up early in the morning and thus have a good start for the day.
H - Herbs, Vegetables and fruits are rich in nutrients - eat them.
I - Illness comes mostly due to carelessness.
J - Jogging is second to none as an aerobic exercise, practice it.
K - Keep yourself clean, cleanliness is next to godliness.
L - Laugh your troubles away.
M - Move your bowels daily.
N - Nictoine is toxec. Avoid its use.
O - Over weight is not good.
P - Provide yourself with nutritions food
Q - Quietness and rest smoothens then nerves.
R - Resist the practice of developing bad habits.
S - Sugar is good if in the correct amount.
T - Think about your health.
U - Use clean clothes.
V - Value medical advice
W - Win over diseases.
X - X-rays are useful to reveal hidden diseases in our body.
Y - You are responsibile for your health, balance between work and sleep.
Z - Zero is your life and accomplishment unless you preserve your health


Arjun Mohanan
(IIIrd BA English)

# കലാലയ ജീവിതം

ജീവിതത്തിൽ ഒരു വസന്തമുണ്ടെങ്കിൽ അതു നമ്മുടെ കലാലയ നാളുകളാണ്....
ചിന്തകൾ സ്വതന്ത്രമാക്കുന്ന സ്വപ്നങ്ങൾക്കു നിറങ്ങളുണ്ടാക്കുന്ന ഇണക്കങ്ങളും
പിണക്കങ്ങളും സൗഹൃദവും പ്രണയവും വിരഹവും വിപ്ലവവും ഹൃദയത്തെ....
മനസിനെ ചൂടുപിടിപ്പിക്കുന്ന കാലഘട്ടം.....
എല്ലാം ഓർമ്മകൾ മാത്രമായി മാറുമ്പോൾ മനസു വല്ലാതെ വിതുമ്പുന്നു....
ഇനിയില്ല ഇനിയൊരിക്കലുമില്ല..... തിരിച്ചുപോക്കസാദ്യമായ ഈ ജീവിതയാത്രയിൽ
കഴിഞ്ഞ നാളുകൾ ഒരു കുളിർമയായി ഒരു തേങ്ങലായി അവശേഷിക്ക മാത്രമം.....
എല്ലാത്തിനും നന്ദി....
ഈ കലാലയത്തിൽ എത്തിപ്പെടാൻ സാധിച്ചതിന് ദൈവത്തിനു....
ചിന്തകളെ സ്വതന്ത്രമാക്കാൻ പഠിപ്പിച്ച അധ്യാപകർക്ക്.....
പരീക്ഷകളിൽ തോറ്റുപോയി പോട്ടടാ പുല്ലേ ഇതെല്ലാം വെറും പ്രഹസനമാണെന്നു
പറഞ്ഞ് ആശ്വസിപ്പിച്ച സുഹൃത്തുക്കൾക്ക്....
തെറ്റിനെ ചോദ്യം ചെയ്യാൻ ധൈര്യം തന്ന പ്രസ്ഥാനത്തിന്....
സ്വപ്നം കാണാൻ പഠിപ്പിച്ച പ്രണയിനിക്ക്....
എല്ലാം ഓർമ്മകൾ മാത്രമായി മാറുകയാണ്.....
പക്ഷേ ഏതു ഗ്രീഷ്മത്തിനും മനസിനെ കുളിരണിയിക്കാൻ ഈ ഓർമ്മകൾ മാത്രം മതി.....

Sarath Sivan
(IIIrd B.Com)





Jishnu B.
(IIIrd History)

# സൈബർ സൗഹൃദകൂട്ടായ്മയും നവഭാഷാമാധ്യമങ്ങളും




Soumya Paul
(Dept.of Malayalam)


സഹസ്രാബ്ദങ്ങളിലൂടെ മനുഷ്യൻ നേടിയെടുത്ത ഏറ്റവും വലിയ സമ്പത്താണ് ഭാഷ. ആർജ്ജിതവ്യത്തിയായഭാഷയിലൂടെ അവൻ സഹജീവികളോടും തലമുറകളോടും സംവദിക്കുന്നതിനാൽ മനുഷ്യസമൂഹത്തിന്റെ ഉദ്ഭവം മുതൽ ഇന്നുവരെയുള്ള പരിണാമകാലഘട്ടങ്ങളിൽ സുപ്രധാന ഘടകമായി ഭാഷ വർത്തിക്കുന്നു. ഒരുവ്യക്തി തന്റെ പ്രവൃത്തികൾ, വികാരങ്ങൾ,സുഖ-ദു:ഖങ്ങൾ, ആശകൾ, നിരാശകൾ, ബൗദ്ധിക-ആത്മീക-സാങ്കേതിക ചിന്തകൾ,കാഴ്ചപ്പാടുകൾ തുടങ്ങി മനുഷ്യജീവിതവുമായി ബന്ധപ്പെട്ട എല്ലാകാര്യങ്ങളും ഗ്രഹിക്കുന്നതും ഗ്രഹിപ്പിക്കുന്നതും താൻ സ്വായത്തമാക്കിയ ഭാഷയിലൂടെയാണ്.മനുഷ്യർ സമൂഹമായിജീവിച്ചതിൻ ഫലമായി ഉടലെടുത്തസംസ്കാരംതലമുറകളിൽനിന്നുംതലമുറകളിലേക്ക്വ്യാപിക്കുന്നതും ഈ ഭാഷയിലൂടെയാണെന്നതിൽ ഭിന്നപക്ഷമില്ല. തിര്യക്കുകളിൽ നിന്ന് ഭിന്നമായി സംസ്കാര സമ്പന്നനായവ്യക്തിയായി മനുഷ്യനെ മാറ്റിയത് ഭാഷയായതിനാലാണ് സാമൂഹികജീവിതത്തിലെ പ്രധാനഘടകവും മാനവചരിത്രത്തിലെ നാഴികക്കല്ലുമായി ഭാഷയെ നാം വിലയിരുത്തുന്നത്.

സമൂഹത്തിലുണ്ടാകുന്ന ഏതൊരു ചലനവും ഭാഷയിലും പരിവർത്തനങ്ങൾ സൃഷ്ടിക്കുമെന്നതിനുള്ള തെളിവാണ് നവമാധ്യമങ്ങളിലെ ഭാഷ. ജനതയുടെ സ്വത്വബോധത്തിന്റെയും സംസ്കാരത്തിന്റെയും അടയാളമായ ഭാഷയെ നവമാധ്യമങ്ങൾ പുതിയരൂപഭാവങ്ങൾ നൽകിയാണ് ആശയവിനിമയത്തിനു പയോഗിക്കുന്നത്. അക്ഷരങ്ങളും അക്ഷരങ്ങൾ ചേർന്നുണ്ടാകുന്ന വാക്കുകളുംമാത്രമല്ല സിംബൽസും അക്കങ്ങളും ഗ്രാഫിക്സുമൊക്കെ ആശയവിനിമയത്തിനുള്ള ഉപാധികളാകുന്നത് നാം തിരിച്ചറിയുന്നു. ഇതിലൂടെ ഒരു പുതിയ മാധ്യമസംസ്കാരം രൂപപ്പെടുകയും പുതിയപാഠങ്ങൾ ഉരുത്തിരിഞ്ഞു വരികയും ചെയ്യുന്നു. ഈ പുതിയ പാഠങ്ങളാണ് നവമാധ്യമഭാഷ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഫേസ്ബുക്ക്, വാട്സാപ്പ്, സ്കൈപ്പ് തുടങ്ങിയ നവമാധ്യമങ്ങളിലെ ഒത്തുചേരലിനെയാണ് സൈബർസൗഹൃദകൂട്ടായ്മ എന്നതുകൊണ്ട് അർഥമാക്കുന്നത്. സാമൂഹികം, രാഷ്ട്രീയം, വ്യക്തിബന്ധങ്ങൾ, സാഹിത്യം, നേതൃത്വങ്ങൾ, ചിന്തകൾ, പ്രതികരണങ്ങൾ എന്നിവയെ മുൻനിർത്തി രൂപപ്പെടുന്ന സാമൂഹികസംവാദസ്ഥലങ്ങളിലൊന്നാണ് ഫേസ്ബുക്ക് എന്നുപറയാം. ഗൂഗിൾ കഴിഞ്ഞാൽ ലോകത്തിലെ ആളുകളെല്ലാംതന്നെ ഏറ്റവും കൂടുതൽ സന്ദർശിക്കുന്ന സോഷ്യൽനെറ്റുവർക്കിങ്സൈറ്റ് ഫേസ്ബുക്കാണെന്ന് കരുതപ്പെടുന്നു. ഓരോമാസവും ലിങ്കുകൾ,കുറിപ്പുകൾ,ഫോട്ടോകൾ,വീഡിയോകൾ എന്നിങ്ങനെ മൂവായിരംകോടി ഉള്ളടക്കങ്ങളും മുന്നൂറുകോടി ചിത്രങ്ങളും ഈ മാധ്യമത്തിലൂടെ പ്രസിദ്ധീകരിക്കപ്പെടുന്നുണ്ടെന്ന് പറയാം. ഉപയോക്താവിന്റെ ആവശ്യമനുസരിച്ച് വ്യത്യസ്ത ഗ്രൂപ്പുകൾ നിർമ്മിക്കുവാനും താൻ പ്രസിദ്ധീകരിക്കുന്ന പോസ്റ്റുകൾ ആരെല്ലാം കാണണം/കാണരുത് എന്നു നിശ്ചയിക്കുവാനും ഫേസ്ബുക്ക് ഉപയോക്താവിന് അവസരംനല്കുകയും ചെയ്യുന്നു. വാട്സാപ്പ് എന്ന നവമാധ്യമം കൂടുതലും സൗഹൃദകൂട്ടായ്മകൾക്കുവേണ്ടിയാണ് രൂപപ്പെട്ടത്.മൊബൈൽനമ്പർ ഉള്ളവരുമായി മാത്രം സംവദിക്കാൻകഴിയുന്ന നവമാധ്യമസാധ്യതയായിമാറി വാട്സാപ്പ്.സമൂഹത്തിലുണ്ടാകുന്ന ഏതുകാര്യങ്ങളെക്കുറിച്ചും തങ്ങളുടെ പ്രതികരണം രേഖപ്പെടുത്തുവാനും അനുയോജ്യമായ വീഡിയോകളോ പോസ്റ്ററുകളോ നല്കുവാനും വാട്സാപ്പ് വഴിയൊരുക്കുന്നു.

ഫേസ്ബുക്കിനെ അപേക്ഷിച്ച് വാട്സാപ്പിനുള്ള ഒരു പരിമിതിയെന്നത്, ഉപയോക്താവിന്റെമൊബൈൽഫോണിലുള്ള നമ്പരിലൂടെമാത്രമേ സൗഹൃദങ്ങളും ആശയങ്ങളും പങ്കുവയ്ക്കാൻ കഴിയൂ എന്നതാണ്. സ്കൈപ്പ് എന്ന നവമാധ്യമം വ്യക്തിബന്ധങ്ങളെ പ്രോത്സാഹിപ്പിക്കുന്നുണ്ടെങ്കിലും ഫേസ്ബുക്കിനെ അപേക്ഷിച്ച് ചില പരമിതികളുമുണ്ട്. എല്ലാനവമാധ്യമങ്ങളെപ്പോലെയും ഇ-മെയിൽഅഡ്രസ്സ് ഫോൺനമ്പർ,വ്യക്തിപരമായകാര്യങ്ങൾ എന്നിവ നല്കി സ്കൈപ്പിൽ ഏതൊരാൾക്കും ഇടം നേടാവുന്നതാ

ണ്.എന്നാൽ ഉപയോക്താവിന്റെ അക്കൗണ്ട് സ്കൈപ്പ് സ്വീകരിച്ചുകഴിയുമ്പോൾ എട്ടക്കങ്ങളുള്ള ഒരു രഹസ്യകോഡ് ലഭ്യമാകും ഈ രഹസ്യഅക്കങ്ങൾ ഉപയോഗിച്ച് ഇതുപോലെ സ്കൈപ്പിൽ അക്കൗണ്ടുള്ളവരുമായി സംവദിക്കുകയോ, വീഡിയോ കാണുകയോ അയച്ചുകൊടുക്കുകയോ, സന്ദേശങ്ങൾ കൈമാറുകയോ ഒക്കെ ചെയ്യാവുന്നതാണ്. ഫേസുബുക്ക്, വാട്സാപ്പ്, സ്കൈപ്പ് തുടങ്ങിയ മാധ്യമങ്ങൾമാത്രമല്ല, സൗഹൃദത്തിനും വിനോദത്തിനുമായി രൂപപ്പെടുത്തിയിരിക്കുന്ന ധാരാളം നവമാധ്യമങ്ങളെ നമുക്ക് വർത്തമാന കാലസമൂഹത്തിൽ കാണുവാൻ കഴിയും. പുതുതലമുറ ആശയവിനിമയത്തിന് ഏറെ ഉപയോഗിക്കുന്നത് സൈബർലോകത്തെയാണ്.ഒരേ സമയം ഒന്നിലധികം വ്യക്തികളോട് സംവദിക്കാൻ കഴിയുമെന്നത് ഈ നവമാധ്യമങ്ങൾക്ക് പുതുതലമുറകൾക്കിടയിൽ കർത്തൃത്വത്തം നടത്തുന്നതിനുള്ള അവസരം നല്കി. നവമാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്ന ഓരോ ലിഖിതങ്ങളും വർത്തമാനകാലത്തോടുള്ള വ്യക്തികളുടെ പ്രതികരണങ്ങളാണ്. സൈബർ ഉപയോക്താക്കളിൽ ഏറെയും വിജ്ഞാനത്തേക്കാൾ വിനോദത്തിനുവേണ്ടിയാണ് സൈബർമേഖലയെ ആശ്രയിക്കുന്നത്. എന്തുകൊണ്ടെന്നാൽ, തിരക്കുപിടിച്ച ജീവിതത്തിനിടയിൽ സൗഹൃദത്തിനുകൊതിക്കുന്ന മനുഷ്യമനസ്സിന്റെ ആഗ്രഹപൂർത്തീകരണമാണ് ഫേസ്ബുക്ക്,വാട്സാപ്പ്,മെസഞ്ചർ,സ്കൈപ്പ് തുടങ്ങിയവയിലൂടെ നവമാധ്യമങ്ങൾ സാധ്യമാക്കുന്നത്.

പ്രായം,ലിംഗം,സ്ഥലം എന്നിവയ്ക്കനുസരിച്ച് ഓരോ വ്യക്തിയും തങ്ങൾക്ക് അനുയോജ്യരായ സൈബർസുഹൃത്തുക്കളെ തിരഞ്ഞെടുക്കുകയും അവരോട് അനുവങ്ങളും അറിവുകളും പങ്കുവയ്ക്കുകയും ചെയ്യുന്നു. യഥാർത്ഥത്തിൽ കത്തിടപാടിന് സമമായ ഇ-മെയിൽ പുരോഗമിച്ചത് ചാറ്റിങ്ങിലൂടെയാണ്.ഗൂഗിൾചാറ്റും യാഹൂ മെസഞ്ചറുമാണ് ആദ്യമായി ചാറ്റിങ്ങ് ആരംഭിച്ചത്. അന്തർമുഖരാകുന്ന വ്യക്തികൾ പോലും ഏറെ വാചാലരായി ചാറ്റിങ്ങിൽ ഏർപ്പെടുന്നതും ഇക്കാലത്തു സർവ്വ സാധാരണമാണ്. കമ്പ്യൂട്ടർവത്കൃത സമൂഹത്തിലെ ഓരോവ്യക്തികളും വെറുതെ ഇരിക്കുമ്പോൾനേരംപോക്കുന്നതും കാര്യഗൗരവമുള്ള സംഗതികൾ അറിയുന്നതുമെല്ലാം ഈ നവമാധ്യമങ്ങളിലൂടെയാണ് .കേരള.ചാറ്റ്ചങ്ങാതി.കോം, കേരളാകഫേ.കോം, കേരളാഫ്രണ്ട്സ്.കോം, മൈഇന്ത്യാ.കോം,സല്ലാപം.കോം. എന്നിങ്ങനെ നിരവധി സൈറ്റുകൾ കേരളത്തിൽ ചാറ്റിങ്ങ് സജീവമാക്കുന്നതിന്പ്രവർത്തിക്കുന്നുണ്ട്.സൗഹൃദത്തെ ഊട്ടിയുറപ്പിക്കുന്ന നൂതന-നവമാധ്യമങ്ങൾ അനുദിനവും സമൂഹത്തിൽ വളർന്നുകൊണ്ടിരിക്കുമ്പോൾ അവയിലുപയോഗിക്കുന്ന ഭാഷ എപ്രകാരമെന്ന് നാം മനസ്സിലാക്കേണ്ടത് ഏറെ അത്യാവശ്യമാണ്.

വിവരസാങ്കേതികരംഗത്തുണ്ടായ പരീക്ഷണങ്ങളും കണ്ടെത്തലുകളുമാണ് മാധ്യമലോകത്തുണ്ടായ വളർച്ചയ്ക്ക് വഴികാട്ടിയായിത്തീർന്നത്. തന്നെയുമല്ല, മനുഷ്യജീവിതവുമായി ബന്ധപ്പെട്ട വിദ്യാഭ്യാസം, വികസനം, തൊഴിൽ, പരിസ്ഥിതി, ആരോഗ്യം തുടങ്ങി സമസ്തമേഖലകളിലും ജീവിതശൈലിയിലും സ്വഭാവരൂപീകരണത്തിലും നവമാധ്യമങ്ങൾ സ്വാധീനം ചെലുത്തുന്നുണ്ട്. അനുദിനജീവിതത്തിലും സാങ്കേതികവിദ്യയുടെ അനാവശ്യകുത്തിത്തിരുകൽ നടക്കുന്നുണ്ട് എന്ന ഡോലിക്കിന്റെയും സിക്കിന്റെയും നിരീക്ഷണം മുൻപറഞ്ഞകാര്യങ്ങളെ സമർഥിക്കുന്നതാണ്. ആശയപ്രകാശനത്തിനുള്ള ഉപാധിയെന്ന നിലയിലും ആത്മപ്രകാശനത്തിന് എഴുത്തുകാരനും വസ്തുതകൾ/ആശയങ്ങൾ ഗ്രഹിക്കുന്നതിന് വായനക്കാരനും തിരഞ്ഞെടുക്കുന്ന മാധ്യമം എന്ന നിലയിലുമെല്ലാം ഭാഷ മനുഷ്യരോടൊപ്പമുണ്ട്. മനുഷ്യർ സമൂഹമായി ജീവിച്ചതിന്റെ ഫലമായി രൂപം കൊണ്ട ഭാഷ കാലാനുസൃതമായി സമൂഹത്തിലുണ്ടാകുന്ന ഓരോമാധ്യമങ്ങളിലും പ്രത്യക്ഷപ്പെടുന്നുണ്ട്. റേഡിയോ, ടെലിവിഷൻ, ടെലിഫോൺ,എന്നീ ആധുനികമാധ്യമങ്ങളും കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ഇ-മെയിൽ, മൊബൈൽഫോൺ തുടങ്ങിയ ആധുനിക വിവരസാങ്കേതിക ഉപകരണ-ഉത്പന്നങ്ങളുമെല്ലാം 'നവമാധ്യമങ്ങൾ' എന്നപേരിലാണ് വ്യവഹരിക്കപ്പെടുന്നത്. ഭാഷയുടെ ഘടനയിലും ഭാഷാരൂപത്തിലും മാറ്റങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന കമ്പ്യൂട്ടർ, ഇന്റർനെറ്റ്, മൊബൈൽഫോൺ,ടാബ്,ഐപാഡ്,ടാബലെറ്റ് എന്നിവയാൽ വലയം ചെയ്യപ്പെട്ട നവഭാഷാമാധ്യമസാധ്യതകളുടെ 'ഡിജിറ്റൽ യുഗ'ത്തിലാണ് നാമെത്തിയിരിക്കുന്നത്. ഈ മാധ്യമങ്ങൾ നമ്മുടെ വായനയേയും എഴുത്തിനേയും സ്വാധീനിക്കുന്നുണ്ട്. അതുകൊണ്ട് നൂതനസാങ്കേതികവിദ്യയിലൂന്നിയ ഇന്റർനെറ്റധിഷ്ഠിത വായനാസംസ്കാരത്തെയും നമുക്ക് 'നവഭാഷാമാധ്യമ'ങ്ങളെന്നുവിളിക്കാം.

കമ്പ്യൂട്ടർനെറ്റുവർക്കുകളെ തമ്മിൽ കൂട്ടിയോജിപ്പിക്കുന്ന 'വേൾഡ് വൈഡ് വെബി'ലൂടെ സ്ഥല-സമയപരിമിതികളെ അതിലംഘിച്ചുകൊണ്ട് വിജ്ഞാനവും വിനോദവും അറിവുകളും പങ്കുവയ്ക്കുന്ന 'ഇട'മായി നവമാധ്യമങ്ങൾ മാറി. ഇത്തരമൊരു സ്ഥിതിവിശേഷത്തിൽ വ്യക്തികൾ കാര്യങ്ങളറിയാനും അറിയിക്കാനും തിരഞ്ഞെടുക്കുന്നത് ഈ നവമാധ്യമങ്ങളെ തന്നെയാണ്.അതിനുവേണ്ടി ഇന്റർനെറ്റ്, മൊബൈൽഫോൺ, സി.ഡി.റോം, ഇ-ബുക്കുറീഡറുകൾ തുടങ്ങിയ നവമാധ്യമങ്ങളെ ആധുനികസമൂഹം ആശയപ്രകാശനത്തിനുള്ള വഴികാട്ടിയായി തിരഞ്ഞെടുക്കുകയും ചെയ്തു.

ഇന്റർനെറ്റ് അധിഷ്ഠിതമായ നവലോകം കടന്നുവന്നതോടെ അച്ചടിരൂപത്തിലുള്ള പുസ്തകങ്ങളും പത്രമാസികകളും മറികടന്ന് മഷിയും പേനയും പ്രസാധകനും ആവശ്യമില്ലാത്ത, സമയ-സൗകര്യപരിമിതികളില്ലാതെ യഥേഷ്ടം ഭാഷ കൈകാര്യം ചെയ്യാവുന്ന ഒരുകല്പിതനവലോകത്തിലാണ് നാമെത്തിച്ചേർന്നിരിക്കുന്നത്.

മാധ്യമസംവിധാനത്തിലും വിതരണത്തിലും ഉപയോഗത്തിലും അഭൂതപൂർവ്വമായ പുരോഗതിയുടെ ഫലമായി ആശയവിനിമയ വിതരണരംഗത്ത് സംഭവിച്ച മാറ്റമാണ് നവമാധ്യമം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.നവമാധ്യമങ്ങളിലെ ഭാഷ പരമ്പരാഗതഭാഷയ്ക്കതീതമായ അർത്ഥാന്തരങ്ങളും നവപാഠങ്ങളും സൃഷ്ടിച്ച്നിരന്തരം പരിണാമവിധേയമാണ്. 'പരമ്പരാഗത മാധ്യമങ്ങൾക്ക് മേൽ നിയന്ത്രണമേർപ്പെടുത്തുന്ന ഭരണകൂടങ്ങളെ വെല്ലുവിളിച്ചുകൊണ്ട് പൗരകേന്ദ്രിതമായ ജനാധിപത്യമാണ് നവമാധ്യമങ്ങൾ നടപ്പാക്കുന്നത് എന്ന നിരിക്ഷണം ഏറെ ശ്രദ്ധേയമാണ്' . കമ്പ്യൂട്ടർ, ലാപ്ടോപ്പ്, മൊബൈൽഫോൺ, ടാബ് എന്നിവയിലെല്ലാം ഇന്റർനെറ്റ് അധിഷ്ഠിതമായ ലിഖിതഭാഷയാണ് നാം ഉപയോഗിക്കുന്നത്. ടെക്സ്റ്റ്സെ, ചാറ്റ്പീക്ക്,ടെക്റ്റീസ് എന്നീപേരുകളിലാണ് ഇന്റർനെറ്റധിഷ്ഠിതഭാഷകൾ അറിയപ്പെടുന്നത്. ലോകരാജ്യങ്ങളിൽ മിക്കതും ബ്രിട്ടന്റെ അധിനിവേശഭരണത്തിലായിരുന്നതിനാൽ കൂടുതൽ വ്യക്തികളെ തമ്മിൽ യോജിപ്പിക്കുന്നതിനും ആശയപ്രകാശനം എളുപ്പമാക്കുന്നതിനുംവേണ്ടി മിക്കനവമാധ്യമങ്ങളും ഇംഗ്ലീഷ് ഭാഷയോ ഇംഗ്ലീഷ്ഭാഷയുടെ ലിപികളണിഞ്ഞ തദ്ദേശഭാഷകളോ ആശയവിനിമയത്തിനായി കൂടുതലും ഉപയോഗിക്കുന്നത്.

ആധിപത്യത്തിന്റെ ഭാഷയായിഗണിക്കുന്ന ഇംഗ്ലീഷ്ഭാഷയിൽപ്പോലും ഇന്റർനെറ്റ്ഭാഷാപ്രയോഗത്തിൽ പ്രത്യേക അലിഖിത സൂചനാനിയമങ്ങൾ കാണാറുണ്ട്. നവമാധ്യമങ്ങളിൽ നാം ഉപയോഗിക്കുന്ന അക്ഷരങ്ങളുടെ വലുപ്പ-ചെറുപ്പഭേദങ്ങളും ചിഹ്നങ്ങളും സ്റ്റിക്കറുകളും ചിത്രങ്ങളുലെല്ലാം വക്താവിന്റെ മനോനിലയെസൂചിപ്പിക്കുന്നതാണ്. ഇംഗ്ലീഷിലെ വലിയഅക്ഷരം(CAPITAL LETTERS) അധികാരഭാവത്തിലുള്ള സംസാരത്തേയും ആക്രോശത്തേയും സൂചിപ്പിക്കുന്നുവെന്നും ചെറിയഅക്ഷരങ്ങൾ (Small Letters) വിധേയത്വത്തേയും അംഗീകാരത്തേയും സൂചിപ്പിക്കുമെന്നുമുള്ള നവഭാഷ പ്രയോഗിക്കുന്നവരുടെ അഭിപ്രായം മുൻപറഞ്ഞ ആശയത്തെ സമർത്ഥിക്കുന്നതാണ്.'ഇന്റർനെറ്റ്'എന്ന നവമാധ്യമത്തിന്റെ ഒരു ഉത്പന്നമായ ഇ-മെയിലിൽ ഉപയോഗിക്കുന്ന ഭാഷ സാമൂഹികപരിണാമഫലമായി ഭാഷയുടെ ഘടനയിലുണ്ടായ മാറ്റത്തിന്റെ ദൃഷ്ടാന്തമാണ്.

ഫേസ്ബുക്ക്,വാട്സാപ്പ് പോലുള്ള സൗഹൃദ കൂട്ടായ്മയിൽ ഉപയോഗിക്കുന്ന Hii Frnz…,nyc broz..,buddies dudes,guys,g8,gmg,ur,4u(For you),5n(Fine),Aftnun,njoy, evde തുടങ്ങിയപദങ്ങളും, ചാറ്റിങ് കൂട്ടായ്മയിൽ പ്രധാനമായും കാണുന്ന mmm,nta,Yep,Amm, CU (See You)Eh,Nik,Ntg,Swt drmzz, Tc,Bcz തുടങ്ങിയപദങ്ങളും നവമാധ്യമങ്ങളിൽ നിരന്തരം കടന്നുവരാറുള്ളതാണ്. FWIW - For What It's Worth , IIRC - If I Remember Correctly, IMO - In My Opinion , FYI - For Your Information – തുടങ്ങിയ പ്രയോഗങ്ങൾ വൻകിടകമ്പനികളുടെ മെയിലുകളിൽ പോലും മിക്കവാറും ദർശിക്കാവുന്നതാണ്.

കമ്പ്യൂട്ടറിന്റെയും, ഇന്റർനെറ്റിന്റെയും സ്വാധീനം സാമൂഹികജീവിതത്തിലും സംസ്കാരങ്ങളിലും സർവ്വോപരി ഭാഷയിലും പരിണാമങ്ങൾ സൃഷ്ടിച്ചു. സംസ്കൃതത്തിന്റെയും ദ്രാവിഡത്തിന്റെയും സംസർക്ഷ-സമന്വയ ഫലമായി രൂപംകൊണ്ട മലയാളഭാഷയുടെ ഘടനയ്ക്ക് വർത്തമാനകാലത്തിൽ പല വ്യതിയാനങ്ങളുമുളവാക്കി. കമ്പ്യൂട്ടർ, ഇന്റർനെറ്റ്,മൊബൈൽഫോൺ മറ്റ് ആധുനിക സാങ്കേതിക ഉപകരണങ്ങൾ ഇംഗ്ലീഷ്ഭാഷയ്ക്ക് നല്കുന്ന വർധിച്ച പ്രാമാണ്യവും അത് മലയാളഭാഷയുടെ ബാഹ്യ-ആന്തരിക ഘടനയിൽ ചെലുത്തിയ സ്വാധീനവും മലയാളഭാഷയുടെ വർത്തമാനകാല അവസ്ഥയും സൂക്ഷ്മമായി നാം മനസ്സിലാക്കേണ്ടത് ഇന്നിന്റെ ആവശ്യമാണ്. ഭാഷാപ്രയോഗരീതിയിലുള്ള വൈവിധ്യം, ഉച്ചാരണത്തിലധിഷ്ഠിതമായരചനാരീതി, ഭാഷാഭേദങ്ങളുടെ കടന്നുവരവ്, സംസാരത്തിന്റെ ചടുലത എഴുത്തിൽ പ്രത്യക്ഷപ്പെടുന്നതിനായി ഉപയോഗിക്കുന്ന ചുരുക്കെഴുത്ത് തുടങ്ങിയപ്രയോഗരീതികൾ നവമാധ്യമഭാഷയിൽ പ്രത്യക്ഷവും പരോക്ഷവുമായി കടന്നുവരുന്നുണ്ട്. അവയിൽ സ്വാഗതാർഹമായ പ്രയോഗങ്ങളെ ഉൾക്കൊള്ളുകയും വികലപ്രയോഗങ്ങളെ ഒഴിവാക്കുകയും ചെയ്ത് മലയാളഭാഷയുടെ ജീവൻനഷ്ടപ്പെടാതെ സൂക്ഷിക്കേണ്ടത് ഭാഷാസ്നേഹികളായ നാം ഓരോരുത്തരുടെയും കർത്തവ്യമാണ്.

# പുതിയ ആകാശം പഴയ ഭൂമി



Anuja Surendran
(IIIrd B.Sc.)

നാം വളർത്തി വലുതാക്കിയ ഈ പുതിയ തലമുറ നമ്മെ ഒട്ടും ഗൗനിക്കുന്നില്ല. പുതിയ വാക്കുകൾ, പുത്തൻ സ്റ്റൈൽ, യുവത്വം പുതുമതേടി പോവുകയും, പഴയതിനെയും, സംസ്കാരത്തെയും, തിരുത്തിക്കുറിക്കുകയും ചെയ്യുന്നുവെന്ന മുതിർന്ന വരുടെ പരാതി നാം കേൾക്കാൻ തുടങ്ങിയിട്ട് നാളേറെയായി. കേരളത്തിലെ യുവത്വം ഇംഗ്ലീഷിനും ചുംബന സമരത്തിനും ഫ്രീക്കൻ സ്റ്റൈലുകൾക്കും, സോഷ്യൽ നെറ്റ്‌വർക്ക് സൈറ്റുകൾക്കും പിന്നാലെ ആണെന്നും, അവർ നമ്മുടെ സംസ്കാര ത്തിന്റെയും മൂല്യത്തിന്റെയും അതിർവരമ്പുകൾക്ക് അതീതരാണെന്നും ഉള്ള പരാതി യുവത്വത്തെ ഒന്നാകെ ആശങ്കയോടെ വീക്ഷിക്കാൻ പോന്നതാണ്.

കേരളത്തിലെ യുവത്വത്തിന് വായന ശാലകളും, വായനയും അപരിതമാവുമ്പോൾ, ചരിത്രത്തെ സൃഷ്ടിക്കുകയും, നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന നവീന ആശയങ്ങളും, ചിന്താശക്തിയും അവർക്ക് അന്യമാകുന്നു. ആശയങ്ങളെ സംവഹിക്കുന്നത് അക്ഷരങ്ങളാണ്. അകാരത്തിന്റെ അക്ഷയമായ ശക്തി, അറിഞ്ഞു വളർന്നവർ കെട്ടിപൊക്കിയ സാമ്രാജ്യം, നമ്മുടെ കൈകളിൽ സുരക്ഷിതമാണോ, എന്ന് അവർ ചിന്തിക്കുന്നതിനെ തെറ്റുപറയാനാവില്ല.

കാരണം, വായനയുടെ സർഗ്ഗശക്തി നമ്മുടെ മുൻകാലതലമുറയ്ക്കുള്ള ഭാഗ്യം നമുക്ക് സിദ്ധിച്ചിട്ടില്ല എന്നത് സത്യം തന്നെയാണ്. എം.ടി., കമലസുരയ്യ, എം. മുകുന്ദൻ, ബഷീർ, കാരൂർ തുടങ്ങി എണ്ണമറ്റ സാഹിത്യകാരന്മാർ നമുക്ക് നൽകിയ കാലത്തെ അതിജീവിക്കുന്ന സർഗ്ഗസൃഷ്ടികൾക്ക് മുകളിൽ മറ്റൊരു സാഹിത്യസാമ്രാജ്യം പണികഴിപ്പിക്കുക - എന്നത്, നമുക്ക് തികച്ചും അപ്രാപ്യമായ കാര്യമാണ്. മാത്രമല്ല, സാഹിത്യവും, ഭാഷയും രണ്ടും നമ്മുടെ തലമുറയ്ക്ക് ശേഷം അന്യം നിന്നുപോകുമോ എന്നുകൂടി ഭയക്കേണ്ടിയിരിക്കുന്നു. എന്നാൽ, മാറുന്ന സാഹചര്യങ്ങൾക്കനുസരിച്ച്, നമുക്കും അനിവാര്യമായ മാറ്റങ്ങളെ സ്വാഗതം ചെയ്യേണ്ടിയിരിക്കുന്നു. അത്തരം, സാഹചര്യ ങ്ങൾക്കു മുൻപിൽ, ഗൃഹാതുരത്വത്തെയും പഴമയേയും മുറുകെപിടിച്ചാൽ, കാലം നമ്മെ കടപുഴക്കിയേക്കും. അതുകൊണ്ടു സോഷ്യൽ നെറ്റ്‌വർക്ക് സൈറ്റുകളേയും, പുത്തൻ സാങ്കേതിക വിദ്യയേയും, തള്ളിപ്പറയുന്നതിനു മുൻപായി, അവയുടെ അനന്തമായ സാധ്യതകളെ വേണ്ടവിധം വിനിയോഗിക്കുകയാണ്, കേരള സമൂഹം ചെയ്യേണ്ടിയിരുന്നത്. ബ്ലോഗും, മറ്റു സംരംഭങ്ങളും കൂടുതൽ മികവോടെ, ഉപയോഗിച്ചാൽ, സോഷ്യൽ നെറ്റ്‌വർക്ക് സൈറ്റുകളിൽകൂടിയും നമ്മുടെ തനിമ നിലനിർത്താനും വളർത്താനും സാധിക്കും.

യുവത്വത്തിന് അന്യമാകുന്ന മൂല്യങ്ങളെ, എടുത്തു കൊടുക്കുന്ന സമൂഹം, സ്വന്തം മൂല്യങ്ങളെ എത്രമാത്രം നീതിബോധത്തോടെ പരിപാലിക്കുന്നു എന്നതും ചിന്തിക്കേണ്ട വിഷയം തന്നെയാണ്. കേരളത്തിലെ ക്യാമ്പസുകളിൽ തന്നെ ചുംബന സമരം തെറ്റായ പ്രതിഷേധമാർഗ്ഗം ആണെങ്കിൽ കൂടി അതിനു പിന്നിലുള്ള, ചേതോവികാരം തികച്ചും ശ്രദ്ധേയമാണ്. ആൺകുട്ടിയും പെൺകുട്ടിയും ഒരുമിച്ച് സഞ്ചരിച്ചതുകൊണ്ടോ, ഒരു ബെഞ്ചിലിരുന്ന് പഠിച്ചതുകൊണ്ടോ, നമ്മുടെ സാംസ്കാരിക മൂല്യശോഷണം സംഭവിക്കുമെന്നു പറയാനാവില്ല. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇരിപ്പിടം പങ്കിട്ടെടുക്കുന്നതിനേയും ഇടുങ്ങിയ ചിന്താഗതിയോടെ നോക്കിക്കാണുന്ന മുതിർന്ന സമൂഹത്തെ വിമർശന ബുദ്ധിയോട് വിലയിരുത്തുന്ന യുവത്വത്തെ കുറ്റം പറയാനാവില്ല. കാരണം, മാറിയ സാഹചര്യങ്ങൾക്കും, തൊഴിൽ മേഖലകൾക്കും അനുസരിച്ച് സ്ത്രീകൾക്ക്, ആവശ്യമായ സഞ്ചാരസ്വാതന്ത്ര്യമോ, സംരക്ഷണമോ നൽകാൻ കൂടി നമ്മുടെ സമൂഹത്തിനോ, ഭരണസംവിധാനത്തിനോ സാധിച്ചിട്ടില്ല. ഇത്തരം സാഹചര്യങ്ങളിൽ കാലാതിവർത്തിയായ ഒരു മാറ്റം തികച്ചും അനിവാര്യമാണ്. അത് കൂടുതൽ പക്വതയോടെ, കൂടുതൽ നീതിബോധത്തോടെ നടപ്പിലാക്കാനും, വിമർശനങ്ങൾക്കതീതമായ പുത്തൻ പ്രതിഷേധമാർഗ്ഗങ്ങൾ സ്വീകരിക്കുവാനും യുവത്വത്തിനാകണം.

കൂടാതെ ക്യാമ്പസുകൾ കൂടുതൽ രാഷ്ട്രീയവത്ക്കരിക്കുന്ന കാഴ്ചയും, അത് ഉണ്ടാകുന്ന പ്രശ്നങ്ങളും ഇന്ന് ചർച്ചാ വിഷയമായിട്ടുണ്ട്. കോളേജുകളിൽ സംഘടി പ്പിക്കുന്ന ബീഫ് ഫെസ്റ്റുകളും മറ്റും നമ്മുടെ സമൂഹത്തെ പ്രബുദ്ധമാക്കാൻ ഉതകുന്നതല്ല. ഒരു വ്യക്തി എന്ത് കഴിക്കണം - എന്നത് തീർത്തും അയാളുടെ വ്യക്തിപരമായ കാര്യമാണ്. അതിന് മതത്തിന്റെയോ, രാഷ്ട്രീയത്തിന്റെയോ, പിന്തുണ ആവശ്യമില്ല. കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ രാഷ്ട്രീയവത്ക്കരിക്കുകയല്ല, മറിച്ച് രാഷ്ട്രീയത്തെ വിദ്യാഭ്യാസവത്ക്കരിക്കുക എന്ന മനോഭാവമാണ് ഇത്തരം സമസ്യകൾക്കുള്ള ഏക പരിഹാരം.



കാലത്തിന്റെ കുത്തൊഴുക്കിൽ മാറ്റം അനിവാര്യമാണ്.
ആ മാറ്റം നമുക്ക് നഷ്ടമാക്കിയത് അറിവും വെളിച്ചവും
പകർന്നു നൽകിയ വായനയെന്ന അപൂർവ്വ അനുഭൂതിയും
പുസ്തകങ്ങളോടുള്ള അഭേദ്യമായ ബന്ധവുമാണ്
നഷ്ടമായ ആ കാലത്തെ തിരിച്ചെടുക്കുവാനായ് ഒരു കൊച്ചു
കാൽവയ്പ്... സ്വന്തം സൃഷ്ടികൾകൊണ്ട്
അക്ഷരങ്ങളെ പ്രണയിച്ച് ഒരു കൂട്ടം സഹപാഠികൾ.
പൂക്കളും, പൂമ്പാറ്റയും, മഴയും, മഞ്ഞും, വെയിലും,
സ്നേഹവും, വിരഹവും, സൗഹൃദവും ഇഴ നെയ്യുന്ന
വായനയുടെ അനന്തമായ വാതായനങ്ങളിലേക്ക് ഒരെത്തിനോട്ടം...
കാലത്തെയും വെല്ലുന്ന, കാലം മായ്ക്കാത്ത ഓർമ്മകളിൽ
ചുവടുറപ്പിച്ച് ഹൃദയത്തെ തൊട്ടറിഞ്ഞ് ഒരു പിടി രചനകൾ.
സ്നേഹവും, ഓർമ്മകളും അനുഭവങ്ങളാണവ പങ്കുവയ്ക്കുന്നത്,
നഷ്ടമാകുന്ന സുന്ദരനിമിഷങ്ങളെ കുറിച്ചാണ് പറയാതെ പറയുന്നത്.
കടലാസിൽ പകർത്തിയും വെറും അക്ഷരങ്ങളല്ല ഈ രചനകൾ,
അതിൽ സ്നേഹിക്കാൻ മാത്രം കഴിയുന്ന മനസ്സുകൊണ്ട് അവർ
ചാലിച്ചെടുത്ത കലാലയ നിമിഷങ്ങളുടെ ഓർമ്മകളാണ് നിറഞ്ഞ
മനസ്സോടെ നിങ്ങളവ ആസ്വദിച്ചുവെന്ന വിശ്വാസത്തോടെ,
എന്നോടൊപ്പം നിന്നു പ്രവർത്തിച്ച ഏവരോടും നന്ദി പറയുന്നു...
ഒരായിരം നന്ദി.....


എന്ന്,
നിങ്ങളുടെ സ്വന്തം
മാഗസിൻ എഡിറ്റർ




B.Com. 100% വിജയവുമായി MGUലെ 12 മുൻനിര കോളേജുകൾക്കൊപ്പം



Partnership Visit to Germany by HBC Team


Aadithya, Pala 200810